**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാംസമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5534**      **01/07/2019-ൽ മറുപടിയ്ക്ക്**

**കൃഷി വ്യാപനത്തിന് സഹകരണ ബാങ്കുകളുടെ പലിശരഹിത വായ്പ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ദാസൻ | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ജില്ലാ സഹകരണ ബാങ്കുകളും കീഴിലുള്ള അനുബന്ധ ബാങ്കുകളും മുഖേന പച്ചക്കറി കൃഷി വ്യാപിപ്പിക്കാൻ പലിശരഹിത വായ്പ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നിലവിൽ ഏത് ജില്ലയിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്; | (ബി) | ഇടുക്കി ജില്ലയിലെ വട്ടവട, മൂന്നാർ, മറയൂർ, ദേവികുളത്തെ മറ്റ് പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ ശീതകാല പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് വിപണന സഹായത്തിനുള്ള പലിശ സബ്സിഡി നല്കുന്നതിലേയ്ക്കാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രാഥമിക നടപടി സ്വീകരിച്ചിരുന്നെങ്കിലും പ്രളയ പശ്ചാത്തലത്തിൽ ടി പദ്ധതി യഥാവിധി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (സി) | കൂടുതൽ ജില്ലകളിലേക്ക് പദ്ധതി വ്യാപിപ്പിച്ച് കൂടുതൽ കർഷകർക്ക് ആനുകൂല്യം എത്തിക്കാനും പച്ചക്കറി കൃഷി വിപുലപ്പെടുത്താനും ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | പൈലറ്റ് അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലേയ്ക്ക് ആവിഷ്കരിച്ചിട്ടുള്ള ശീതകാല പച്ചക്കറി കൃഷി പ്രോത്സാഹന പദ്ധതി വിജയകരമായി നടപ്പിലാക്കുന്ന മുറയ്ക്ക് മാത്രമേ മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**